REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-04-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **കേരളം പോളിംഗ് ബൂത്തിലേക്ക് നീങ്ങാൻ ഇനി നിമിഷങ്ങൾ. രണ്ടു കോടി 71 ലക്ഷത്തി 42,952 വോട്ടർമാരിൽ ഏറിയ പങ്കും സമ്മതിദാനം രേഖപ്പെടുത്തും.**
- **കേരളത്തോടൊപ്പം അസമിലും പുതുച്ചേരിയിലും വോട്ടെടുപ്പ് ഇന്ന്.**
- **ജനാധിപത്യ പ്രക്രിയയിൽ എല്ലാവരും പങ്കാളികളാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **ലെബനൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്കിൽ ഇറാൻ വീണ്ടും കപ്പലുകൾ തടഞ്ഞു.**
- **IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ഡൽഹി ക്യാപിറ്റൽസിനെ ഒരു റണ്ണിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കേരളം പോളിംഗ് ബൂത്തിലേക്ക് നീങ്ങാൻ ഇനി നിമിഷങ്ങൾ മാത്രം. പതിനാറാം കേരള നിയമസഭയെയും പുതിയ ഗവണ്മെന്റിനെയും തെരഞ്ഞെടുക്കാൻ രണ്ടു കോടി 71 ലക്ഷത്തി 42,952 വോട്ടർമാരിൽ ഏറിയ പങ്കും ബൂത്തിലെത്തും. ഇതിൽ ഒരു കോടി 39 ലക്ഷത്തി 21,868 പേർ സ്ത്രീകളും, ഒരു കോടി 32 ലക്ഷത്തി 20,811 പേർ പുരുഷന്മാരുമാണ്. 273 ട്രാൻസ്ജെന്റർമാരും പട്ടികയിലുണ്ട്. നാല് ലക്ഷത്തി 66,000 പേർ കന്നി വോട്ടർമാരാണ്. കേരളത്തിന്റെ മനസ് ആർക്കൊപ്പമെന്നും ഭരണത്തുടർച്ചയോ, ഭരണമാറ്റമോ എന്നും അറിയാൻ ഇനി 26 ദിവസം കാത്തിരിക്കണം. മെയ് നാലിനാണ് വോട്ടെണ്ണൽ.

തെരഞ്ഞെടുപ്പിന്റെ കൂടുതൽ വിശേഷങ്ങൾ...........

..........വോയ്സ്............

സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ 30,495 ബൂത്തുകളിലും വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി കഴിഞ്ഞു. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് പോളിംഗ്. സംസ്ഥാനത്ത് എല്ലാ പോളിങ് ബൂത്തിലും പുലർച്ചെ തന്നെ മോക്പോളിംഗ് പൂർത്തിയായി.

ഒരു ബൂത്തിൽ പരമാവധി 1,200 വോട്ടർമാരാണ് ഉണ്ടാവുക. 53,984 സർവീസ് വോട്ടർമാരും സംസ്ഥാനത്തുണ്ട്. 883 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

പോളിംഗ് ബൂത്തുകളിൽ മൊബൈൽ ഫോൺ കർശനമായി നിരോധിച്ചിട്ടുണ്ട്. വോട്ടർമാർ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് ബൂത്തുകളിലെ പ്രത്യേക സഞ്ചികളിൽ നിക്ഷേപിച്ച് സൂക്ഷിപ്പുകാരിൽ നിന്ന് ടോക്കൺ വാങ്ങേണ്ടതാണ്. വോട്ടിംഗിന് ശേഷം ടോക്കൺ നൽകി ഫോൺ തിരികെ വാങ്ങണം.

തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ ID കാർഡ്, ആധാർ കാർഡ്, എന്നിവയടക്കം 12 തിരിച്ചറിയൽ രേഖകൾ വോട്ടുചെയ്യാൻ ഉപയോഗിക്കാം. കൂടാതെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും തിരിച്ചറിയൽ കാർഡുകളും ആധികാരിക രേഖയാണ്.

2,040 പ്രശ്നസാധ്യതാ ബൂത്തുകളിൽ സുരക്ഷയ്ക്കായി 160 കമ്പനി കേന്ദ്രസേനയെ നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ പൊലീസും വളണ്ടിയർമാരുമടക്കം 76,000-ത്തോളം പേരാണ് വോട്ടെടുപ്പിന് സുരക്ഷയൊരുക്കുന്നത്. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രക്രിയക്ക് ഹരിതചട്ടം പാലിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

പാലക്കാട് മണപ്പുള്ളിക്കാവ് LP സ്കൂൾ ബൂത്തിൽ നിന്ന് ആകാശവാണി
പ്രതിനിധി ഫൈസൽ അലി മുത്ത്...

.........ഓഡിയോ..........

കണ്ണൂരിലെ വോട്ടെടുപ്പ് വിശേഷവുമായി KO ശശിധരൻ.

........ ഓഡിയോ.........

✪✪✪

കേരളത്തോടൊപ്പം അസമിലും പുതുച്ചേരിയിലും ഇന്നാണ് വോട്ടെടുപ്പ്. അസമിൽ 126 സീറ്റിലും പുതുച്ചേരിയിൽ 30 സീറ്റിലുമാണ് ഇന്ന് വോട്ടെടുക്കുന്നത്. അസമിൽ 722 സ്ഥാനാർത്ഥികളും പുതുച്ചേരിയിൽ 294 പേരും മത്സര രംഗത്തുണ്ട്.

തമിഴ്നാട് തെരഞ്ഞെടുപ്പിനും പശ്ചിമബംഗാളിലെ ആദ്യഘട്ട തെരഞ്ഞെടുപ്പിനും പത്രിക പിൻവലിക്കാവുന്ന അവസാന ദിവസവും ഇന്നാണ്.

✪✪✪

പുതുച്ചേരിയുടെ ഭാഗമായ മാഹിയിൽ 31 പോളിംഗ് ബൂത്തുകളാണ് സജ്ജമാക്കിയിരിക്കുന്നത്. 30,287 വോട്ടർമാർ മാഹി നിയോജക മണ്ഡലത്തിലുണ്ട്. 20 പോളിങ് സ്റ്റേഷനുകൾ ഓൾ വിമൻ പോളിങ് സ്റ്റേഷനുകളാണ്.

✪✪✪

വോട്ടു ചെയ്യുകയെന്നത് ജനാധിപത്യപരമായ അവകാശം മാത്രമല്ല കടമയുംകൂടിയാണെന്നും, എല്ലാവരും സ്വതന്ത്രവും നിർഭയവുമായി വോട്ടു രേഖപ്പെടുത്തി ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകണമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആഹ്വാനം ചെയ്തു.

ഓരോ വോട്ടും സംസ്ഥാനത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിലും അതിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിലും വ്യക്തമായ പങ്ക് വഹിക്കുന്നുണ്ടെന്ന് ഗവർണർ പറഞ്ഞു. ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ വോട്ടിങ്ങിന്റെ പ്രധാന്യം തിരിച്ചറിഞ്ഞ് എല്ലാവരും സഗൗരവം വോട്ടവകാശം വിനിയോഗിക്കണമെന്നും ഗവർണർ നിർദ്ദേശിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് നിരീക്ഷിക്കാനും വിലയിരുത്താനും വിദേശ രാജ്യങ്ങളിൽ നിന്നെത്തിയ എട്ട് അംഗ സംഘം തിരുവനന്തപുരം ജില്ലയിലെ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രങ്ങൾ സന്ദർശിച്ചു. കൺട്രോൾ റൂമുകളും സംഘം നേരിൽ കണ്ടു.

അന്താരാഷ്ട്ര തെരഞ്ഞെടുപ്പ് സന്ദർശന പരിപാടിയുടെ ഭാഗമായാണ് ഏതാനും രാജ്യങ്ങളിലെ പ്രതിനിധികൾ തലസ്ഥാനത്ത് എത്തിയത്.

വോട്ടെടുപ്പ് ദിവസമായ ഇന്ന് തിരഞ്ഞെടുത്ത പോളിംഗ് സ്റ്റേഷനുകളിൽ സംഘം വോട്ടെടുപ്പ് പ്രക്രിയകൾ നിരീക്ഷിക്കുമെന്ന് ജില്ലാ കളക്ടർ അനു കുമാരി അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്ധനങ്ങളുടെയും രാസവളത്തിന്റെയും അവശ്യ സാധനങ്ങളുടെയും തടസ്സമില്ലാത്ത ലഭ്യത ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര ഗവണ്മെന്റ് ആവർത്തിച്ച് വ്യക്തമാക്കി. സംഘർഷത്തിന്റെ പ്രത്യാഘാതത്തിൽ നിന്ന് ജനതയെ രക്ഷിക്കുന്നതിനാണ് ഗവൺമെന്റ് പ്രാമുഖ്യം നൽകുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ മൂന്നാമത് മന്ത്രിതല സംഘ യോഗത്തിൽ പറഞ്ഞു. പശ്ചിമേഷ്യയിൽ ഉരുത്തിരിയുന്ന പുതിയ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു.

ഹോർമൂസ് കടലിടുക്ക് വഴി കഴിഞ്ഞ 40 ദിവസങ്ങളിൽ ഏറ്റവും അധികം കപ്പലുകൾ സുരക്ഷിതമായി കൊണ്ടുവരാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. മൂന്ന് ലക്ഷത്തി 40,000 ടണ്ണിലേറെ LPG, എട്ട് കപ്പലുകളിലായി രാജ്യത്തെത്തിച്ചു. ഇത് 11 ദിവസത്തെ ആവശ്യത്തിന് വേണ്ടതിലേറെയാണ്. രാജ്യത്ത് ഒരിടത്തും പാചക വാതക ക്ഷാമം ഇല്ലെന്നും രാജ്നാഥ് സിംഗ് അറിയിച്ചു. LPG ആശ്രയം കുറയ്ക്കുന്നതിന് പ്രകൃതിവാതക പൈപ്പ് ലൈൻ വഴി മൂന്ന് ലക്ഷത്തിലേറെ കണക്ഷൻ നൽകാൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. അരിയുടെയും ഗോതമ്പിന്റെയും മതിയായ ശേഖരം രാജ്യത്തുണ്ടെന്നും രാജ്നാഥ് സിംഗ് അറിയിച്ചു.

✪✪✪

ഇസ്രായേലിന്റെ ലെബനൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്കിൽ ഇറാൻ വീണ്ടും വിദേശ കപ്പലുകൾ തടഞ്ഞു. അനുമതിയില്ലാതെ ഹോർമുസ് കടലിടുക്ക് കടക്കാൻ ശ്രമിക്കുന്ന കപ്പലുകൾ നശിപ്പിക്കുമെന്ന് ഇറാൻ ഭീഷണിപ്പെടുത്തി. ലെബനനിലെ സൈനിക നടപടി വെടിനിർത്തൽ കരാറിന്റെ ഭാഗമല്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു.

....ഡെസ്ക് റിപ്പോർട്ട്....

......വോയ്സ്..........

പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട ചർച്ചകളുടെ പത്തിന നിർദേശങ്ങളിൽ മൂന്നെണ്ണം അമേരിക്ക ലംഘിച്ചുവെന്ന ഇറാന്റെ ആരോപണത്തിന് പിന്നാലെയാണ് പുതിയ പ്രതിസന്ധി. ലെബനനുമായി ബന്ധപ്പെട്ട വെടിനിർത്തൽ വ്യവസ്ഥ പാലിക്കാത്തതാണ് ആദ്യ കരാർലംഘനമെന്ന് ടെഹ്റാൻ കുറ്റപ്പെടുത്തി. കരാർ ലംഘിച്ച് ഇറാനിയൻ വ്യോമാതിർത്തിയിലേക്ക് പ്രവേശിച്ച ഡ്രോൺ ഫാർസ് പ്രവിശ്യയിലെ ലാറിൽ വെടിവച്ചു വീഴ്ത്തിയെന്നും ഇറാൻ അവകാശപ്പെട്ടു. ഇറാൻ സമ്പുഷ്ടീകരണ അവകാശ നിഷേധവും കരാർ ലംഘനമാണെന്ന് ഇറാൻ അറിയിച്ചു.

ഇസ്രായേൽ ആക്രമണങ്ങളിൽ 182 പേർ ലെബനനിൽ കൊല്ലപ്പെട്ടതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഇസ്രായേൽ-ഹിസ്ബുള്ള യുദ്ധത്തിൽ ഒരു ദിവസത്തെ ഏറ്റവും ഉയർന്ന മരണസംഖ്യയാണിത്.

US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ചർച്ചാ സംഘത്തെ ഈയാഴ്ച ഇസ്ലാമാബാദിലേക്ക് അയയ്ക്കുന്നുണ്ടെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് അറിയിച്ചു. ആദ്യ ഘട്ട ചർച്ചകൾ ശനിയാഴ്ച രാവിലെ നടത്തുമെന്നും അവർ പറഞ്ഞു.

വെടിനിർത്തൽ കരാറിന്റെ പശ്ചാത്തലത്തിലും മദ്ധ്യേഷ്യയിൽ പൂർണതോതിൽ സൈന്യത്തെ വിന്യസിക്കുമെന്ന് വൈറ്റ് ഹൗസ് പറഞ്ഞു. ചർച്ചകൾ പരാജയപ്പെടുന്ന സാഹചര്യമുണ്ടായാൽ അതിവേഗ സൈനിക നീക്കമുണ്ടാകുമെന്ന സൂചനയാണിത്.

✪✪✪

സംസ്ഥാനത്തെ LPG വിതരണം വിവിധ തലങ്ങളിൽ നിരീക്ഷിച്ചു വരികയാണെന്നും പരിശോധനകൾ തുടരുന്നുണ്ടെന്നും സിവിൽ സപ്ലൈസ് കമ്മീഷണർ തിരുവനന്തപുരത്ത് അറിയിച്ചു. LPG - പെട്രോളിയം മേഖലയിലും അവശ്യ സാധന വിതരണ രംഗത്തും അനാരോഗ്യ പ്രവണതകൾ തടയാൻ സ്പെഷ്യൽ സ്ക്വാഡുകൾ പരിശോധന തുടരുകയാണ്. ഗാർഹിക സിലിണ്ടറുകളുടെ കുറവ് പരിഹരിക്കാൻ അഞ്ച് കിലോ ചോട്ടു സിലിണ്ടറുകളുടെ വിതരണം വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം മാത്രം 5,518 ചെറു സിലിണ്ടറുകൾ വിതരണം ചെയ്തതായി കമ്മീഷണർ പറഞ്ഞു.

✪✪✪

ഡൽഹിയിൽ IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ഡൽഹി ക്യാപിറ്റൽസിനെ ഒരു റൺസിന് പരാജയപ്പെടുത്തി. 210 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി, എട്ട് വിക്കറ്റ് നഷ്ടത്തിൽ 209 റണ്ണിന് പുറത്തായി.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ, മുംബൈ സിറ്റിയെ നേരിടും. വൈകീട്ട് 7.30 ന് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

കണ്ണൂരിലെ പയ്യന്നൂർ കോറോത്ത് പൊലീസ് പിടികൂടിയ വാഹനങ്ങൾ സൂക്ഷിക്കുന്ന യാഡിൽ ഇന്നലെയുണ്ടായ തീപിടുത്തത്തിൽ 200 ലേറെ വാഹനങ്ങൾ കത്തിനശിച്ചു. അഞ്ചിലേറെ അഗ്നിശമന വാഹനങ്ങൾ മണിക്കൂറുകളോളം ശ്രമിച്ചാണ് തീയണച്ചത്. സമീപത്തായി ഗ്യാസ് ഗോഡൗണും പ്രവർത്തിക്കുന്നുണ്ട്. തക്ക സമയത്ത് തീയണച്ചത് വൻദുരന്തം ഒഴിവാക്കി.

✪✪✪

NSS സെക്രട്ടറി ഹരികുമാർ കോയിക്കൽ നിര്യാതനായി. ചങ്ങനാശ്ശേരി താലൂക്ക് യൂണിയൻ പ്രസിഡന്റാണ്. നീണ്ട കാലം സൊസൈറ്റിയുടെ കൃഷി വിഭാഗം സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ഗുജറാത്തിലെ കച്ച് ജില്ലയിലെ സർദാർ പോസ്റ്റിൽ ഇന്ന് ശൗര്യ ദിവസ് ആചരിക്കും. മുതിർന്ന ഉദ്യോഗസ്ഥരും സേനയിലെ ഉദ്യോഗസ്ഥരും രക്തസാക്ഷികൾക്ക് ഗാർഡ് ഓഫ് ഓണർ നൽകി ആദരാഞ്ജലി അർപ്പിക്കും. 1965 ലെ ഇന്ത്യ-പാക് സംഘർഷത്തിൽ ഇന്ത്യൻ സുരക്ഷാ സേന പ്രകടിപ്പിച്ച അസാധാരണ ധൈര്യത്തെയും ധീരതയെയും അനുസ്മരിക്കാനാണ് എല്ലാ വർഷവും ഏപ്രിൽ 9 ശൗര്യ ദിവസായി ആചരിക്കുന്നത്.

✪✪✪


*News Editor വികെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, ഹബീബ് റഹ്മാൻ*
*DEO : സി കെ സുബോധ്*